**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ വികസന അതോറിറ്റിയിലെ ചെയർമാനും, സെക്രട്ടറിയ്ക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 947/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 27/03/2015**

================================================================

പരാമർശം:- (1) 16.05.2014 ലെ സ.ഉ.(സാധാ) നം.1174/2014/ത.സ്വ.ഭ.വ.
(2) തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറിയുടെ 28.10.2014 –ലെ എ 1/356/2014/തൃ.വി.അ. നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/ പ്രസിഡന്റ്/സെക്രട്ടറി എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് പരാമർശം ഒന്നിലെ ഉത്തരവിൻ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണെന്നും, ആയതു പ്രകാരം തൃശ്ശൂർ വികസന അതോറിറ്റിയിലെ സെക്രട്ടറിയ്ക്കും, ചെയർമാനും ലാപ് ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകണമെന്നും ആയതിനുള്ള തുക അതോറിറ്റിയുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിയ്ക്കാവുന്നതാണെന്നും പരാമർശം രണ്ടിലെ കത്തിൽ തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ വികസന അതോറിറ്റിയിലെ സെക്രട്ടറിയ്ക്കും ചെയർമാനും ടി അതോറിറ്റിയുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കണമെന്ന നിബന്ധനയ്ക്കനുസൃതമായി ലാപ് ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി,
ഗവൺമെന്റ് അണ്ടർ സെക്രട്ടറി.

സെക്രട്ടറി/ചെയർമാൻ, തൃശ്ശൂർ വികസന അതോറിറ്റി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: തദ്ദേശ സ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്